"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ്- എക്സൈസ്- ജീവനക്കാര്യം - എക്സൈസ് പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ വിനോദ് കുമാർ.ആർ, ജയകുമാർ. റ്റി.ജെ , സുജീബ് റോയി.എം.ആർ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.രതീഷ്.പി.വി എന്നിവരുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.412/2025/TAXES തീയതി,തിരുവനന്തപുരം, 29-04-2025

---

പരാമർശം:-
1. സ.ഉ (സാധാ) നം.473/2021/നികുതി തീയതി 16.07.2021
2. സ.ഉ (സാധാ) നം.299/2022/നികുതി തീയതി 16.04.2022
3. സ.ഉ (സാധാ) നം.310/2024/നികുതി തീയതി 29.03.2024
4. സ.ഉ (സാധാ) നം.32/2025/നികുതി തീയതി 09.01.2025
5. സ/ശ്രീ ആർ വിനോദ് കുമാർ, റ്റി ജെ ജയകുമാർ, എം ആർ സുജീബ് റോയി, രതീഷ്.പി.വി എന്നിവർ 20.01.2025-ൽ സമർപ്പിച്ച അപേക്ഷകൾ
6. എക്സൈസ് കമ്മീഷണറുടെ 01.02.2025-ലെ EXC/2538/2021-XE4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് 27.06.2021- ൽ പാലക്കാട് ഡിവിഷനിലെ ആലത്തൂർ റേഞ്ച് പരിധിയിലെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ 6/385 നമ്പർ വീടിന്റെ മുൻവശത്തു നിന്നും 1312 ലിറ്റർ സ്പിരിറ്റും 2220 ലിറ്റർ വ്യാജകള്ളും മറ്റ് സാധന സാമഗ്രികളും 11 ലക്ഷം രൂപയും കണ്ടുപിടിച്ച് ആലത്തൂർ റേഞ്ചിൽ ക്രൈം നമ്പർ 93/21 ആയി അബ്കാരി കേസ് രജിസ്റ്റർ ചെയ്തിരുന്നു.

2) ടി കേസ് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയ വേളയിൽ നീല പുറംചട്ടയുള്ള ഒരു ഡയറി, കണക്കുകൾ എഴുതി സൂക്ഷിക്കുന്ന മൂന്ന് ക്യാഷ് ബുക്കുകൾ, ചെലവുകൾ എഴുതി സൂക്ഷിക്കുന്ന വൗച്ചറുകൾ എന്നിവ ലഭിച്ചിട്ടുള്ളതും നീല പുറംചട്ടയുള്ള ഡയറിയിൽ 2015-16 വർഷം മുതൽ 2021 ജൂൺ മാസം വരെ വിവിധ ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകിയ തുകയുടെ കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടുള്ളതും 26.03.2018 മുതൽ 29.01.2019 വരെയും, 31.01.2019 മുതൽ 13.06.2019 വരെയും, 08.10.2020 മുതൽ 11.02.2021 വരെയുമുള്ള വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ള ക്യാഷ് ബുക്കുകൾ, ഗോഡൗണിലെ കമ്പ്യൂട്ടർ

എന്നിവ പരിശോധിച്ചപ്പോൾ എക്സൈസ് ഓഫീസുകൾക്കും, സാമ്പിൾ എടുക്കുവാൻ വരുന്ന ഉദ്യോഗസ്ഥർക്കും ഡൊണേഷൻ എന്ന പേരിലും, റെയ്ഡ് ഫീ, സാമ്പിൾ ഫീ എന്നീ പേരുകളിലും പണം നൽകിയതായി രേഖപ്പെടുത്തി കാണ്ടിരുന്നു. ആലത്തൂർ സർക്കിൾ, ആലത്തൂർ, കുഴൽമന്ദം, ചിറ്റൂർ റേഞ്ചുകൾ, പാലക്കാട് സ്പെഷ്യൽ സ്ക്വാഡ്, പാലക്കാട് ഇ.ഐ&ഐ.ബി എന്നിവിടങ്ങളിലെ എക്സൈസ് ഉദ്യോഗസ്ഥർക്ക് ടി കേസിലെ പ്രതികളുമായി അവിശുദ്ധ ബന്ധം നിലവിലുണ്ടായിരുന്നതും, അവരിൽ നിന്നും മാസപ്പടി, ലേലസമയത്ത് പ്രത്യേക തുക, റെയ്ഡ് ഫീ, സാമ്പിൾ ഫീ എന്നിവ വിലപേശി വാങ്ങിയിരുന്നതായും വെളിവായിട്ടുണ്ടെന്നും ഈ ദുഷ്പ്രവണതയുടെ അനന്തരഫലമാണ് കള്ളിൽ സ്പിരിറ്റും, പഞ്ചസാരയും ചേർത്ത് വിൽപ്പന നടത്തുന്നതിന് ഇടയായിട്ടുള്ളതെന്ന് വെളിവായിട്ടുണ്ടെന്നും ഇത്തരത്തിൽ വ്യാജക്കള്ള് കച്ചവടക്കാരിൽ നിന്നും മാസപ്പടിയും മറ്റ് സാമ്പത്തിക സഹായവും സ്വീകരിക്കുന്നത് വകുപ്പിനേയും സർക്കാരിനേയും മൊത്തത്തിൽ അവമതിപ്പ് ഉളവാക്കുന്നതിന് ഇടയാക്കിയിട്ടുണ്ടെന്നും ആയതിനാൽ ടി വിഷയത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.ഷാജി.എസ്.രാജൻ (ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ), സ/ശ്രീ.കെ.എസ്.പ്രശോഭ്, ജി.സന്തോഷ് കുമാർ, അനൂപ്.വി, കൃഷ്ണൻ നായർ, ഷൗക്കത്തലി.എ, മധു (എക്സൈസ് ഇൻസ്പെക്ടർ), സുജീബ് റോയ്.എം.ആർ, രാജ് കുമാർ, ജയകുമാർ.റ്റി. ജി, വിനോദ് കുമാർ (പ്രിവൻ്റീവ് ഓഫീസർ), ശ്രീ.രതീഷ്.പി.ബി (സിവിൽ എക്സൈസ് ഓഫീസർ) എന്നിവരെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാൻമാർക്ക് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തിരുന്നു. തുടർന്ന് സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സസ്പെന്റ് ചെയ്യപ്പെട്ട ടി ഉദ്യോഗസ്ഥരെ പരാമർശം (2) പ്രകാരം സർവ്വീസിൽ പുന:പ്രവേശിപ്പിച്ചിരുന്നു.

3) കുറ്റാരോപിതരായ ശ്രീ. കൃഷ്ണൻ നായർ. പി , എക്സൈസ് ഇൻസ്പെക്ടർ , ശ്രീ.രാജ്കുമാർ. കെ , അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) , സ/ശ്രീ.ജയകുമാർ ടി ജെ , വിനോദ്കുമാർ. ആർ , സുജീബ് റോയി എം.ആർ , (പ്രിവന്റീവ് ഓഫീസർമാർ), രതീഷ് പി.വി (സിവിൽ എക്സൈസ് ഓഫീസർ) എന്നിവർക്കതിരെയുള്ള അച്ചടക്കനടപടി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11 (1) (ii) പ്രകാരം ടിയാൻമാരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ (without cumulative effect) ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

4) ടി ഉത്തരവിനെതിരെ ടിയാളുകൾ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയത് പരിഗണിച്ച് എക്സൈസ് പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ വിനോദ് കുമാർ. ആർ , ജയകുമാർ. റ്റി.ജെ , സുജീബ് റോയി. എം.ആർ , സിവിൽ എക്സൈസ് ഓഫീസർ ശ്രീ.രതീഷ്.പി.വി എന്നിവർക്കെതിരായ അച്ചടക്ക നടപടി ടിയാളുകളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ (without cumulative effect) ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയ നടപടി പുന:പരിശോധിച്ച് അച്ചടക്ക നടപടിയിൻമേലുള്ള മേൽ നടപടികളിൽ നിന്നും ടിയാളുകളെ ഒഴിവാക്കി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

5) ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ കാലയളവ്

ക്രമീകരിക്കുന്നതിനായി ടിയാളുകൾ പരാമർശം (5) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷ പരാമർശം (6) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്തിരുന്നതുമാണ്.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എക്സൈസ് പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.വിനോദ് കുമാർ.ആർ, ജയകുമാർ. റ്റി.ജെ,സുജീബ് റോയി.എം.ആർ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.രതീഷ്.പി.വി എന്നിവരുടെ 16-07-2021 മുതൽ 15-04-2022 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടിയാളുകൾ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 16-04-2022 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSR's Part I Rule 56 B (9) Note-2 പ്രകാരം അനുവദനീയമായ പ്രവേശന കാലയളവായോ (KSR's Part I Rule-127 പ്രകാരം ചട്ടപ്രകാരമുള്ള തയ്യാറെടുപ്പ് കാലവും ( 6 ദിവസം) യഥാർത്ഥ യാത്രാസമയവും ചേർന്ന കാലയളവ് മാത്രം) അർഹവും അനുവദനീയവുമായ അവധിയായോ (സസ്പെൻഷൻ തീയതിയ്ക്ക് മുൻപ് ക്രഡിറ്റില്ലുള്ളത്) ഇവ രണ്ടുമായോ ക്രമീകരിക്കാൻ അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2.ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ( എക്സൈസ് കമ്മീഷണർ മുഖേന)
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4. ധനകാര്യ വകുപ്പ് (24.04.2025-ലെ EXP-B1/173/2025-FIN പ്രകാരം)
5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/28/2025-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 29-04-2025 10:43:01
സെക്ഷൻ ഓഫീസർ